## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ. BINDU GOPINATH)

വിഷയം:- വനിത ശിശു വികസന വകുപ്പ് –അങ്കണവാടി പ്രവർത്തകരുടെ 2026 മാർച്ച് (2026 ഏപ്രിൽ മാസം ചെലവഴിക്കുന്നത്) മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം അനുവദിച്ചുത്തരവാകുന്നു.

പരാമർശം:

1. സ.ഉ. (സാധാ) നം 263/2024 WCDD തീയതി 25-07-2024
2. സ.ഉ. (സാധാ) നം 115/2024 WCDD തീയതി 16-03-2024
3. സീനിയര് ഫിനാൻസ് ഓഫീസറുടെ 02-09-2024 ലെ DWCD/1542/2024-A3 നമ്പർ കുറിപ്പ്

**ഉത്തരവ് നം: DWCD/1841/2026-ICDSB6 തീയതി: 01-04-2026**

വനിത ശിശു വികസന വകുപ്പിൻ കീഴിലെ അങ്കണവാടി പ്രവർത്തകർക്കുള്ള ഹോണറേറിയം 60:40 അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാർ അനുവദിക്കുന്ന വേതനം, സംസ്ഥാന സർക്കാർ അനുവദിക്കുന്ന അധിക വേതനം, തദ്ദേശ സ്വയംഭരണ സ്ഥാപന വിഹിതം എന്നീ മൂന്നു തരത്തിൽ പ്രതിമാസം അനുവദിച്ചു വരുന്നു. സംസ്ഥാനത്തെ 33120 അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർമാർക്ക്, 2026 മാർച്ച് (2026 ഏപ്രിൽ മാസം ചെലവഴിക്കുന്നത്) തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിക്കേണ്ടതുണ്ട്.

ഹോണറേറിയം തുക അനുവദിക്കുന്ന 2235-02-102-34 (NP) ശീർഷകത്തിൽ ഫണ്ട് ലിമിറ്റ് ഉയർത്തി നൽകുന്നതിലേക്കായി സർക്കാരിലേക്ക് അനുമതി ആവശ്യപ്പെട്ടു വരികയാണ്. എന്നാൽ 2024 ആഗസ്റ്റ് മാസം മുതൽ ഫണ്ട് ലിമിറ്റ് ഉയർത്തുന്നതിന് അതത് മാസങ്ങളിൽ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം തുക അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, അങ്കണവാടി പ്രവർത്തകരുടെ, 2026 മാർച്ച് (2026 ഏപ്രിൽ മാസം ചെലവഴിക്കുന്നത്) മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം നൽകുന്നതിന് ആവശ്യമായ 12,08,88,000/- രൂപ (പന്ത്രണ്ട് കോടി എട്ട് ലക്ഷത്തി എൺപത്തി എട്ടായിരം) രൂപ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്ക് ചുവടെ ചേർക്കും

പ്രകാരം അനുവദിച്ചുത്തരവാകുന്നു.

| അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം LSGD Share - H/A : 2235-02-102-34 (NP) മാർച്ച് 2026 | | | |
|---|---|---|---|
| ക്രമ നം | ജില്ല | അങ്കണവാടികളുടെ എണ്ണം | ഒരു മാസം പ്രതീക്ഷിക്കുന്ന പരമാവധി ചെലവ് (AWW @ Rs.2200/- & AWH @ Rs.1450/-) |
| *1* | *2* | *3* | *4* |
| 1 | Thiruvananthapuram | 3061 | 11172650 |
| 2 | Kollam | 2723 | 9938950 |
| 3 | Pathanamthitta | 1389 | 5069850 |
| 4 | Alapuzha | 2150 | 7847500 |
| 5 | Kottayam | 2050 | 7482500 |
| 6 | Idukki | 1561 | 5697650 |
| 7 | Ernakulam | 2858 | 10431700 |
| 8 | Thrissur | 3016 | 11008400 |
| 9 | Palakkad | 2838 | 10358700 |
| 10 | Malappuram | 3808 | 13899200 |
| 11 | Kozhikkodu | 2938 | 10723700 |
| 12 | Wayanad | 876 | 3197400 |
| 13 | Kannur | 2504 | 9139600 |
| 14 | Kasargod | 1348 | 4920200 |
| | *Total* | *33120* | *120888000* |

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ മേൽ പട്ടികയുടെ അടിസ്ഥാനത്തിൽ അങ്കണവാടി പ്രവർത്തകരുടെ 2026 മാർച്ച് മാസത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപന വിഹിത ഹോണറേറിയം അലോട്ട്മെന്റായി ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകേണ്ടതാണ്.

അങ്കണവാടി പ്രവർത്തകരുടെ തദ്ദേശ സ്വയഭരണ സ്ഥാപന വിഹിത ഹോണറേറിയം ഇനത്തിൽ ആവശ്യമായ തുക, 12,08,88,000/- രൂപ (പന്ത്രണ്ട് കോടി എട്ട് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ) 2235-02-102-34 (NP) ശീർഷകത്തിൽ നിന്നും പിൻവലിക്കാവുന്നതാണ്

(ഒപ്പ്)

BINDU GOPINATH

വനിത ശിശു വികസന ഡയറക്ടർ I/C

എല്ലാ ജില്ലാ വനിതാ ശിശുവികസന ഓഫീസര്മാർക്കും

പകർപ്പ് :

1. സൂപ്രണ്ട് , അക്കൗണ്ട് സെക്ഷന്
2. എല്ലാ ശിശുവികസനപദ്ധതി ഓഫീസര്മാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസര്മാർക്കും
4. വെബ് സൈറ്റില് പ്രസിദ്ധീകരിക്കുന്നതിന്